**No.CEE/700/2017/5LLB-2017/TA2**


**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## വിജ്ഞാപനം

## 2017–18 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സ് പ്രവേശനം രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2017–18 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാമത്തെയും അവസാനത്തെയും കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **16.09.2017** വൈകുന്നേരം **5** മണി വരെ നിലവിലുള്ള ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

വെബ്സൈറ്റിലെ **'Integrated Five Year LL.B 2017 - Candidate Portal'**-ലൂടെ **ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും** കൃത്യമായി നൽകി ഹോം പേജിൽ പ്രവേശിച്ചശേഷം '**Allotment Result**' എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 16 ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **22.09.2017** മുതൽ **25.09.2017** വരെയുള്ള തീയതികളിലൊന്നിൽ ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മുഴുവൻ ഫീസും കോളേജിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ **25.09.2017 വൈകുന്നേരം 5.30** മണിക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം.

***നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള അലോട്ടുമെന്റ് നഷ്ടപ്പെടുന്നതാണ്.***

രണ്ടാം ഘട്ട അലോട്ടുമെന്റിൽ ഹയർ ഓപ്ഷനിലേക്ക് അലോട്ടുമെന്റ് ലഭിക്കുന്നവർ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്നും ടി.സിയും അനുബന്ധ രേഖകളും കോളേജിൽ പ്രവേശനം നേടിയ സമയത്ത് അടച്ച ട്യൂഷൻ ഫീസും ഡെപ്പോസിറ്റ് തുകയും തിരികെ വാങ്ങി പുതിയ കോളേജിൽ നിർദ്ദിഷ്ട തീയതികളിൽ തന്നെ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്ക് നിലവിലുള്ള അഡ്മിഷനും നഷ്ടപ്പെടുന്നതാണ്.

**സ്പോട്ട് അലോട്ട്മെന്റ്:** 25.09.2017 വൈകുന്നേരം 5 മണിയ്ക്ക് ശേഷം സീറ്റുകൾ ഒഴിവുള്ള പക്ഷം അവ കോളേജധികാരികൾക്ക് **2017 സെപ്റ്റംബർ 26** മുതൽ **29** വരെയുള്ള തീയതികളിലൊന്നിൽ പ്രോസ്പെക്ടസ് ക്ലോസ് 14 (xvii).10 ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്പോട്ട് അലോട്ട്മെന്റ്/അഡ്മിഷൻ മുഖേന നികത്താവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471–2339101, 2339102, 2339103, 2339104**

MS Jaya

തിരുവനന്തപുരം
20.09.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**